പത്രക്കുറിപ്പ്
5-10-2017

അയൽക്കൂട്ട വനിതകൾക്ക് പുതിയ തൊഴിൽ മേഖല:
**യന്ത്രവൽക്കൃത ചകിരി നിർമാണ യൂണിറ്റുകളുമായി കുടുംബശ്രീ**

തിരുവനന്തപുരം: കേരളത്തിലെ പരമ്പരാഗത കയർമേഖലയിൽ കുടുംബശ്രീ അയൽക്കൂട്ട വനിതകൾക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി യന്ത്രവൽക്കൃത ചകിരി നിർമാണ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. കയർ ഉൽപന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ഇവയ്ക്ക് വിദേശരാജ്യങ്ങളിലുള്ള സ്വീകാര്യത മുൻനിർത്തിയുമാണ് കുടുംബശ്രീ ഈ മേഖലയിൽ പുതിയ പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ ജില്ലയിലെ പരിയാരത്ത് ധനമന്ത്രി തോമസ് ഐസക് നിർവഹിച്ചു.

പച്ചത്തൊണ്ടിൽ നിന്നും ചകിരി നാരുൽപാദിപ്പിക്കുന്നതാണ് പുതിയ പദ്ധതി. യൂണിറ്റുകൾ ഉൽപാദിപ്പിക്കുന്ന ചകിരിനാര് കയർബോർഡ് സംഭരിക്കും. ആദ്യഘട്ടത്തിൽ സംസ്ഥാനത്ത് മുപ്പതു യൂണിറ്റുകൾ തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ കെട്ടിടം അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉണ്ടെങ്കിൽ ഇതിനായി പ്രയോജനപ്പെടുത്തും. യൂണിറ്റ് തുടങ്ങാൻ ആഗ്രഹിക്കുന്ന വനിതകൾക്ക് പച്ചത്തൊണ്ടിൽ നിന്നും നേരിട്ട് ചകിരിനാര് ഉൽപാദിപ്പിക്കാൻ കഴിയുന്ന ഡീഫൈബറിങ്ങ് മെഷീൻ ആലപ്പുഴയിലെ കേരള സ്റ്റേറ്റ് കയർ മെഷീൻ മാനുഫാക്ചർ കമ്പനി സൗജന്യമായി നൽകും. ഈ മെഷീൻ എട്ടു മണിക്കൂർ പ്രവർത്തിക്കുന്നതിന് എണ്ണായിരം തൊണ്ട് പ്രതിദിനം ആവശ്യമാണ്. ഇതിന്റെ സംഭരണവും യൂണിറ്റുകൾ തന്നെ നടത്താനാണ് ഉദ്ദേശിക്കുന്നത്. തൊണ്ട് സംസ്കരിച്ച ശേഷം വരുന്ന ചകിരിച്ചോറ് യൂണിറ്റുകൾ വളമാക്കി വിൽക്കുന്നതിലൂടെ അധിക വരുമാനവും ഉറപ്പാക്കാൻ കഴിയും. ഇതിന് കൃഷിവകുപ്പുമായുള്ള സംയോജിത പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു.

കൂടാതെ പുതിയ കുടുംബശ്രീ മൈക്രോ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ളവർക്ക് ചകിരിനാരു കൊണ്ട് ഗുണനിലവാരമുള്ള കയറും മറ്റു മൂല്യവർധിത ഉൽപന്നങ്ങളും നിർമിക്കാനും വേണ്ട പദ്ധതികൾക്ക് പരിഗണന നൽകും. ഫ്ളോർ മാറ്റുകൾ ഡോർ മാറ്റുകൾ കയർ തടയണ അക്വേറിയം ഫിൽട്ടർ തുടങ്ങിയ ഉൽപന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകളും തുടങ്ങാൻ ആലോചിക്കുന്നുണ്ട്.

കുടുംബശ്രീ വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നതോടൊപ്പം പരമ്പരാഗത കയർമേഖലയെ ശക്തിപ്പെടുത്തുന്നതും പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ഈ മേഖലയിൽ പരിചയസമ്പന്നരായ അയൽക്കൂട്ട വനിതകൾക്ക് വീട്ടിലിരുന്നും ഒഴിവു സമയം പ്രയോജനപ്പെടുത്തി കയർ പിരിച്ച് വരുമാനം നേടാൻ കഴിയും. മുൻകാലങ്ങളിൽ ചെയ്യുന്നതിനെ അപേക്ഷിച്ച് യന്ത്രസംവിധാനങ്ങളുപയോഗിക്കുന്നതിനാൽ ചകിരിനാരിന്റെ ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിയും. അതോടൊപ്പം കായികാധ്വാനം ഒഴിവാക്കാനും സമയം ലാഭിക്കാനും കഴിയുമെന്നതും നേട്ടമാണ്. ഇതുവഴി കൂടുതൽ വനിതകളെ ഈ മേഖലയിലേക്ക് ആകർഷിക്കാനും കയർ ഉൽപന്നങ്ങൾക്ക് കൂടുതൽ പ്രചാരം നേടിക്കൊടുക്കാനും കഴിയും.

പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഇലക്ട്രിക് റാട്ടുകൾ ഉപയോഗിച്ച് കയറിന്റെയും മറ്റു മൂല്യവർധിത ഉൽപന്നങ്ങളുടെയും ഉൽപാദനം വർധിപ്പിക്കാനാണ് ലക്ഷ്യം. തൃശൂർ മലപ്പുറം കാസർകോട് ജില്ലകളിലെ വിവിധ പഞ്ചായത്തുകളിൽ പദ്ധതി തുടങ്ങുന്നതുമായി ബന്ധപ്പെട്ട ആദ്യഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട് ജില്ലകളിലേക്കും പദ്ധതി ഉടൻ വ്യാപിപ്പിക്കുന്നതിനാണ് കുടുംബശ്രീയുടെ തീരുമാനം.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ